**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - കുടുംബശ്രീ ഇടുക്കി ജില്ലാ മിഷൻ അസിസ്റ്റന്റ് കോ-ഓർഡിനേറ്ററായ ശ്രീമതി സബൂറാബീവിയെ കൊല്ലം ജില്ലാ മിഷൻ ഓഫീസിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി നിയമിച്ച നടപടി സാധൂകരിച്ചുകൊണ്ടും കൊല്ലം ജില്ലാ മിഷനിൽ തുടരുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ)നം.3112/2017/തസ്വഭവ. തിരുവനന്തപുരം,തീയതി 22/09/2017**

---

പരാമർശം:-(1) 10.05.2013-ലെ 42/13/ധന. നമ്പർ സർക്കുലർ

(2)28/11/2013-ലെ .സ.ഉ(പി)580/2013/ധന നമ്പർ ഉത്തരവ്

(3) 26.05.2017 ലെ സ.ഉ.(സാധാ) നമ്പർ 1730/2017 തസ്വഭവ ഉത്തരവ്.

(4)കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ31.07.2017-ലെ 5941/ഇ 1/17/കെ.എസ്.എച്ച്.ഒ. നമ്പർ കത്തും ഉത്തരവും..

**<u>ഉത്തരവ്</u>**

സൂചന (3) ഉത്തരവ് പ്രകാരം കുടുംബശ്രീ ഇടുക്കി ജില്ലാ മിഷൻ ഓഫീസിൽ അസി.ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി നിയമിതയായ ശ്രീമതി. സബൂറാബീവിയെ സൂചന (4) പ്രകാരം കൊല്ലം ജില്ലാ മിഷനിലേയ്ക്ക് മാറ്റി നിയമിച്ച ഉത്തരവ് സാധൂകരിക്കണമെന്നും തുടർന്നും കൊല്ലം ജില്ലാ മിഷനിൽ തുടരുന്നതിന് അനുമതി നൽകണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് അസി.സെക്രട്ടറി ആയ ശ്രീമതി സബൂറാബീവിയെ ഇടുക്കി ജില്ലാ മിഷനിലെ അസി.ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ നിന്നും കൊല്ലം ജില്ലാ മിഷൻ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി നിയമിച്ച ഉത്തരവ് സാധൂകരിച്ചുകൊണ്ടും തുടർന്നും കൊല്ലം ജില്ലാ മിഷനിൽ അസി. ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി തുടരുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ലീന എൻ.പി.**
**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
ബന്ധപ്പെട്ട വ്യക്തിയ്ക്ക് ( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**